**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **08-02-2023 - ൽ മറുപടിയ്ക്ക്**

**നീര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നീര പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ച നാളികേര ഉൽപ്പാദക കമ്പനികളുടെ കൺസോർഷ്യത്തിന്റെ 23.11.2022-ലെ നിവേദനത്തിന്മേൽ പ്രസ്തുത വിഷയം സർക്കാർ ചർച്ച ചെയ്തിട്ടുണ്ട്. |
| (ബി) | വൻ തുക വായ്പയെടുത്ത നീര സംഘങ്ങൾ വലിയ കടക്കെണിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വൻ തുക വായ്പയെടുത്ത നീര സംഘങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വിവരം നാളികേര ഉൽപാദക കമ്പനികളുടെ കൺസോർഷ്യം അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സമർപ്പിച്ച സർക്കാരിന്റെ നാളികേര ഉത്പാദക കമ്പനികൾ (CPC) ക്കായുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാളികേര ഉത്പാദക കമ്പനികളുടെ പ്രിൻസിപ്പൽ മോറട്ടോറിയത്തിന്റെ കാലാവധി 30.03.2022 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.46/2022/ധന പ്രകാരം 31.03.2023 വരെ നീട്ടിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ